ഉത്തരം

(എ) 1999 ഒക്ടോബർ മുതൽ 2000 ഫെബ്രുവരി വരെ 3580 ചാക്ക് സിമന്റ് നൽകിയിട്ടുണ്ട്.

(ബി)-(ഇ) ഈ കാലഘട്ടത്തിൽ ദേശാഭിമാനിക്ക് കൊടുത്ത സിമന്റിന്റെ വിലയും ആ സമയത്തെ ഡീലർമാർക്കുള്ള വിലയും, ഇവ തമ്മിലുള്ള വില വ്യത്യാസവും അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

27 (602) ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം എന്നത്തേയ്ക്ക് നടപ്പിലാക്കണം എന്ന് വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) ഫാം തൊഴിലാളികലുടെ ശമ്പള പരിഷ്ക്കരണത്തിന് ആവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു സമിതിയെ നിയോഗിക്കുകയും സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ മന്ത്രി സഭയുടെ പരിഗണനക്കായി സമർപ്പിച്ചിരിക്കുന്നു.

28 (603) വെസ്റ്റ് ഇന്ത്യാ സ്റ്റീൽ കമ്പനി

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വെസ്റ്റ് ഇന്ത്യാ സ്റ്റീൽ കമ്പനി ലോക്കൗട്ട് ചെയ്ത വിവരം ഗവൺമെന്റിനറിവുണ്ടോ;

(ബി) രണ്ടുവർഷത്തിലേറെയായി തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ആശ്വാസം ലഭിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ കമ്പനി ഏറ്റെടുക്കാനോ സ്വകാര്യമേഖലയിൽ തന്നെ നില നിർത്തി തുറന്നു പ്രവർത്തിപ്പിക്കാനോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)&(സി) ഈ കമ്പനി ഏറ്റെടുത്ത് ലാഭകരമായി പ്രവർത്തിക്കുന്നതിനെപ്പറ്റി ഒരു സാധ്യതാ പഠനം നടത്തിവരുന്നു.

(ഡി) പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുവാൻ കഴിയൂ.

29 (604) അംബേദ്കർ മെമ്മോറിയൽ വ്യവസായ സഹകരണ സംഘം കെട്ടിടനിർമ്മാണം പൂർത്തിയാക്കാൻ നടപടി

<u>ശ്രീ. വർഗ്ഗീസ് വൈദ്യർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ നായ്ക്കടിപിലാക്കാവിലുള്ള അംബേദ്ക്കർ മെമ്മോറിയൽ വ്യവസായ സഹകരണ സംഘത്തിന് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽനിന്നും ടി.എസ്.പി.യിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിരുന്നത് ഏതു വർഷമാണ് എന്നും എത്ര തുക അനുവദിച്ചിരുന്നു എന്നും അറിയിക്കുമോ;

(ബി) പിലാക്കാവ് അംബേദ്ക്കർ മെമ്മോറിയൽ വ്യവസായ സഹകരണ സംഘത്തിന്റെ കെട്ടിടനിർമ്മാണത്തിന് മുഴുവൻ ഗഡുക്കളും ഖാദിബോർഡ് വയനാട് ജില്ലാ ഓഫീസിൽനിന്നും നൽകാതിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് സംഘം പ്രസിഡന്റ് നൽകിയ പരാതിയിന്മേൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ആദിവാസികളുടെ ഉന്നമനത്തിനായുള്ള ഈ വ്യവസായ സംഘത്തിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനും മുഴുവൻ ഫണ്ടും അനുവദിച്ചു കൊടുക്കുന്നതിനും നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) 1993- ൽ രജിസ്റ്റർ ചെയ്ത അംബേദ്കർ മെമ്മോറിയൽ വ്യവസായ വികസന സംഘത്തിന് 1992-93 – ൽ 80,000 രൂപയും 97-98-ൽ 25,000 രൂപയും ആകെ അനുവദിച്ചിട്ടുണ്ട്. ഇതിൽ 35,000 രൂപയാണ്. കെട്ടിട നിർമ്മാണത്തിനായി വകയിരുത്തിയിരുന്നത്.

(ബി) ഉണ്ട്.

(സി) സംഘം പ്രസിഡന്റ് വയനാട് ജില്ലാ ഖാദി ഗ്രാമവ്യവസായ ഓഫീസിൽ നൽകിയ പരാതിയിൻമേൽ ജില്ലാ ഓഫീസിൽനിന്നും അന്വേഷണം നടത്തുകയുണ്ടായി. കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച 35,000 രൂപയിൽ ആദ്യഗഡുവായി നൽകിയ 15,000 രൂപ ഉപയോഗിച്ച് കെട്ടിട നിർമ്മാണം ആരംഭിച്ചത് നിയമപ്രകാരം സംഘത്തിന്റെ പേരിലുള്ള വസ്തുവിലല്ല എന്ന് അന്വേഷണത്തിൽനിന്നും മനസ്സിലായി. മാത്രമല്ല ടി സംഘത്തിന് നിലവിൽ രണ്ടു വിഭാഗക്കാർ ഭരണസാരഥ്യം അവകാശപ്പെടുന്നുണ്ട്. വയനാട് ജില്ലാ രജിസ്ട്രാറോട് ഈ സ്ഥാപനത്തിന്റെ നിലവിലുള്ള ഭരണസമിതി അംഗങ്ങളുടെ പേരുവിവരം നൽകുവാൻ ഖാദിബോർഡ് ആവശ്യപ്പെട്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly